കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - കണ്ണൂർ ജില്ല - തളിപ്പറമ്പ് ബ്ലോക്ക് പഞ്ചായത്ത് - ടൂറിസ്റ്റ് ഫെസിലിറ്റേഷൻ സെന്ററിന് ഗ്രാമവികസന വകുപ്പിന്റെ സ്ഥലം വിട്ടുകൊടുക്കുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്

സ.ഉ. (സാധാ)നം. 3260/2012/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം, 28/11/2012

---

**പരാമർശം :-**

1. തളിപ്പറമ്പ് ബ്ലോക്ക് പഞ്ചായത്തിന്റെ 25/08/2012 ലെ 102/12 നമ്പർ തീരുമാനം
2. തളിപ്പറമ്പ് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 27/08/2012 ലെ ബി 2082/11 നമ്പർ കത്ത്
3. ഗ്രാമ വികസന കമ്മീഷണറുടെ 13/09/2012 ലെ 29439/ജെ.ആർ.വൈ2/2011/ഗ്രാവിക നമ്പർ കത്ത്

<u>ഉത്തരവ്</u>

ഗ്രാമ വികസന വകുപ്പിന്റെ ഉടമസ്ഥതയിലുള്ളതും തളിപ്പറമ്പ് ബ്ലോക്ക് പഞ്ചായത്തിന്റെ അധീനതയിലുള്ളതുമായ തളിപ്പറമ്പ് താലൂക്ക് മൊറാഴ അംശം കാന്നൂൽ ദേശം റി.സ 310/4 ൽപ്പെട്ട എട്ട് സെന്റ് സ്ഥലം ടൂറിസം വകുപ്പിന്റെ ടൂറിസ്റ്റ് ഫെസിലിറ്റേഷൻ സെന്റർ പണിയുന്നതിന് വിട്ടു നല്കുന്നതിന് പരാമർശം(1)പ്രകാരം തീരുമാനിക്കുകയും (2) പ്രകാരം അപേക്ഷിക്കുകയും ചെയ്തു.ഉടമസ്ഥാവകാശം ഗ്രാമ വികസന വകുപ്പിൽ നിലനിർത്തിക്കൊണ്ട് ടി സ്ഥലം പ്രസ്തുത ആവശ്യത്തിന് വിട്ടുനല്കാവുന്നതാണെന്ന് പരാമർശം(3)പ്രകാരം ഗ്രാമ വികസന കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു.അതിന്റെ അടിസ്ഥാനത്തിൽ ഉടമസ്ഥാവകാശം ഗ്രാമ വികസന വകുപ്പിൽ നിലനിർത്തി തളിപ്പറമ്പ് താലൂക്ക് മൊറാഴ അംശം കാന്നൂൽ ദേശം റി.സ 310/4 ൽപ്പെട്ട എട്ട് സെന്റ് സ്ഥലം ,ഭാവിയിൽ യാതൊരു സർക്കാരേതര ആവശ്യങ്ങൾക്ക് ഉപയോഗപ്പെടുത്തുകയോ കൈമാറുകയോ മറ്റ് കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് തടസ്സമായ രീതിയിൽ കെട്ടിടം നിർമ്മിക്കുകയോ ചെയ്യില്ലെന്ന വ്യവസ്ഥകളോടെ, ടൂറിസ്റ്റ് ഫെസിലിറ്റേഷൻ സെന്റർ പണിയുന്നതിന് ടൂറിസം വകുപ്പിന് അനുവാദം നല്കുന്നതിന് തളിപ്പറമ്പ് ബ്ലോക്ക് പഞ്ചായത്തിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,

എൻ.ആർ.ശ്രീലേഖ
അണ്ടർ സെക്രട്ടറി.

1. ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം
2. ഡയറക്ടർ,ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം
3. സെക്രട്ടറി, തളിപ്പറമ്പ് ബ്ലോക്ക് പഞ്ചായത്ത്, കണ്ണൂർ
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
5. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ&എ) കേരള, തിരുവനന്തപുരം
6. ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
7. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.